LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസ് പദ്ധതി

5 (*35) ശ്രീ. ജോസഫ് വാഴക്കൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എം. എ.വാഹീദ് :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾവഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയനുസരിച്ച് ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്കിയത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത് ; വിശദാംശങ്ങൾ നൽകാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്. 2011 ജൂലൈ 1 മുതൽ 45 ദിവസത്തേയ്ക്ക് 'ആശ്വാസ് 2011' എന്ന പേരിലും 2012 ജൂലൈ 1 മുതൽ 2012 ആഗസ്റ്റ് 31 വരെ (62 ദിവസത്തേയ്ക്ക്) 'ആശ്വാസ് 2012' എന്ന പേരിലും 2014 ജനുവരി 15 മുതൽ മാർച്ച് 31 വരെ 'ആശ്വാസ് 2014' എന്ന പേരിലും നടപ്പിലാക്കിയിരുന്നു.

(ബി) സഹകരണ വായ്പാ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും അതോടൊപ്പം വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കുടിശ്ശിക പിരിവിൽ പുരോഗതി കൈവരിക്കുന്നതിനും ഉദ്ദേശിച്ചാണ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

(സി) 'ആശ്വാസ് 2011' പദ്ധതിപ്രകാരം 45.62 കോടി രൂപയും 'ആശ്വാസ് 2012' പദ്ധതി കാരം 53.48 കോടി രൂപയും 'ആശ്വാസ് 2014' പദ്ധതി പ്രകാരം 128.39 കോടി രൂപയും പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവയിൽ ഇളവുകൾ നൽകിയിട്ടുണ്ട്.

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീ വിഭാഗം സംഘങ്ങളിൽ ആശ്വാസ് കടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന വിഹിതം

6 (*36) <u>ശ്രീ. എം. എ. ബേബി</u> :

<u>ശ്രീമതി കെ. കെ. ലതിക</u> :

<u>ഡോ. ടി. എം. തോമസ് ഐസക്</u> :

<u>പ്രൊഫ സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ :

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>):

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചതു പ്രകാരം കണക്കാക്കിയിരിക്കുന്ന പദ്ധതി വിഹിതത്തിന്റെ (അസ്സംഡ് പ്ലാൻ സൈസ്) 25 ശതമാനത്തിൽ കുറയാത്ത തുക വികസന ഫണ്ടിനത്തിൽ വകയിരുത്തേണ്ടതും 10 ഗഡുക്കളായി മേയ് മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ (കെ.എൽ.ജി.എസ്.ഡി.പി ഫണ്ടും 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയും ഒഴികെ) റിലീസ് ചെയ്യേണ്ടതുമാണ്. അർഹതയുള്ള പ്രാദേശിക സർക്കാരുകളുടെ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കാണ് കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് അനുവദിക്കുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ അതതു

LIBRARY ARCHIVES Kerala Legislative Assembly